# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

**India's National Spiritual Newspaper**

₹ 10/-

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXXII | YEAR OF OUR LORD JESUS CHRIST, 2026 FEBRUARY | No. 04


### വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

സങ്കീർത്തനങ്ങൾ 34:15–22

15. യഹോവയുടെ കണ്ണു നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.

16. ദുഷ്പ്രവൃത്തിക്കാരുടെ ഓർമ്മയെ ഭൂമിയിൽനിന്നു ഛേദിച്ചുകളയേണ്ടതിന്നു യഹോവയുടെ മുഖം അവർക്കും പ്രതികൂലമായിരിക്കുന്നു.

17. നീതിമാൻ നിലവിളിച്ചു; യഹോവ കേട്ടു. സകല കഷ്ടങ്ങളിൽനിന്നും അവരെ വിടുവിച്ചു.

18. ഹൃദയം നുറുങ്ങിയവർക്കും യഹോവ സമീപസ്ഥൻ; മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു.

19. നീതിമാന്റെ അനർത്ഥങ്ങൾ അസംഖ്യമാകുന്നു; അവ എല്ലാറ്റിൽനിന്നും യഹോവ അവനെ വിടുവിക്കുന്നു.

20. അവന്റെ അസ്ഥികളെ എല്ലാം അവൻ സൂക്ഷിക്കുന്നു; അവയിൽ ഒന്നും ഒടിഞ്ഞുപോകയുമില്ല.

21. അനർത്ഥം ദുഷ്ടനെ കൊല്ലുന്നു; നീതിമാനെ പകെക്കുന്നവർ ശിക്ഷ അനുഭവിക്കും.

22. യഹോവ തന്റെ ദാസന്മാരുടെ പ്രാണനെ വീണ്ടുകൊള്ളുന്നു; അവനെ ശരണമാക്കുന്നവരാരും ശിക്ഷ അനുഭവിക്കയില്ല.

## നിങ്ങളുടെ സമ്പൂർണ്ണ സമർപ്പണം ധാരാളമായ അനുഗ്രഹങ്ങളിലേക്ക് നയിക്കും!

### YOUR COMPLETE SURRENDER WILL LEAD TO ABUNDANT BLESSINGS!

*സിസ്റ്റർ ഏഞ്ചൽ*





നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ ആശംസകൾ.

നിങ്ങൾക്ക് അനുഗ്രഹീതമായ ഒരു ജനുവരി മാസവും വർഷത്തിന്റെ ശക്തമായ തുടക്കവും ലഭിച്ചു എന്നു വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. ചിലർക്ക് ജനുവരി വ്യത്യസ്ത രീതികളിലുള്ള വെല്ലുവിളിയുടെ മാസമായിരുന്നിരിക്കാം. 2026 ലേക്ക് നിങ്ങൾ മുന്നോട്ടു പോകുമ്പോൾ ദൈവീക സമാധാനവും കൃപയും ശക്തിയും നിങ്ങളെ നിലനിറുത്തട്ടെ എന്നാണ് എന്റെ പ്രാർത്ഥന.

ഒരു നല്ല തുടക്കം പ്രധാനമാണെങ്കിലും എങ്ങനെ അവസാനിപ്പിക്കുന്നു എന്നത് അതിലും പ്രധാനമാണ്. കർത്താവ് ഈ വർഷത്തെ ക്രിസ്തുയേശുവിലൂടെ ഫലപ്രദവും വിജയകരവുമാക്കിത്തീർക്കട്ടെ എന്നും 2026 ന്റെ അവസാനം അതിന്റെ തുടക്കത്തേക്കാൾ മഹത്വവും അനുഗ്രഹീതവുമാക്കട്ടെ എന്നും ഞാൻ പ്രാർത്ഥിക്കുന്നു.



3-ാം പേജിൽ തുടരും...




**Echo of His Call**

***Christian YouTube Channel!***

Every day 2 minutes message by

**Pr. S. Sam Selva Raj!**

**in English, Hindi, Tamil & Telugu**

**and**

**Tamil & English Message & Prayer**

**Sunday 8.30 A.M. & 6.00 P.M.**

★ Please Subscribe and Share ★

ECHO OF HIS CALL - (Marching towards 60th year)
Estd. 1969

## *from your dearly beloved brother...*





## യഹോവ നിന്നെ വാലല്ല തലയാക്കും

**- ആവർത്തനം 28:13**

കർത്താവിൽ പ്രിയരേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ ഞങ്ങൾ നിങ്ങളെ എല്ലാവരെയും വന്ദനം ചെയ്യുന്നു!

കഴിഞ്ഞ മാസത്തിലെ നമ്മുടെ എല്ലാ ശുശ്രൂഷകളെയും കർത്താവ് കൃപയാൽ അനുഗ്രഹിച്ചിരിക്കുന്നു. ഈ മാസത്തിലേക്കു കടക്കുമ്പോൾ, പൂർത്തീകരണത്തിനായി കാത്തിരിക്കുന്ന നിരവധി വിദേശ, പ്രാദേശിക ശുശ്രൂഷകൾ നമുക്കുണ്ട്.

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.



*സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ ക്രിസ്തുമസ് പരിപാടി*

സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിൽ വെച്ചു നടന്ന ക്രിസ്തുമസ് ചടങ്ങിൽ നമ്മുടെ സെക്രട്ടറി, ഡോ. പി.ഇ.ആർ. പ്രേംചന്ദ് വചനം ശുശ്രൂഷിച്ചു. കൂടാതെ, ഡിസംബർ മാസത്തിൽ നെഹെമ്യ ബൈബിൾ കോളേജിലെ വിദ്യാർത്ഥികളും നമ്മുടെ സഭയിലെ വിശ്വാസികളും വിവിധ ഔട്ട്റീച്ച് ശുശ്രൂഷകൾ നടത്തി.

കഴിഞ്ഞ വർഷം യൂട്യൂബ് ശുശ്രൂഷയിൽ ശ്രദ്ധേയമായ വളർച്ച ഉണ്ടായി. ഈ സന്ദേശങ്ങളിലൂടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അനേകർ അനുഗ്രഹിക്കപ്പെട്ടു. ഈ ശു



*യൂട്യൂബ് ശുശ്രൂഷാ സംഘം*

ശ്രൂഷയിൽ വിശ്വസ്തതയോടെ ഏർപ്പെട്ടിരിക്കുന്ന ഞങ്ങളുടെ ജീവനക്കാർക്കായി നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങൾ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**HON. EDITOR-IN-CHIEF**
Rev.Dr. Angeline S. Kumari, M.A., M.Sc., M.Ed.
**EX MANAGING EDITOR**
Pastor Alex Samson Sam, B.Th., M.Div.
**GENERAL MANAGER**
Bro. N. Prakasam, M.A., M.Sc.(C&P), PGDHRM, MBA.
**ADMINISTRATION**
Sis. Jesy Veena Sam
Adv. K. Puratchivendan, M.Com., C.A., B.L.
Dr. P.E.R. Premchand, M.Sc., M.A., M.Ed., Ph.D.
Dr. C.G.S. Baburao, B.Tech., M.Tech. (DM), Ph.D.
Dr. Rabinder Boaz, M.S. (CMC)
**EDITORIAL BOARD**
Dr. Serena Bevin, M.A., M.Phil., B.Ed.
Sis. Sajini Cherian
Rev. Dr. K.R. Rajasekaran
Rev. Dr. William Robert, Ph.D., DD, D.Lit.
**EDITOR, PUBLISHER & PRINTER**

Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 98412 71858
95661 31858
**E.MAIL**
sam@echoofhiscall.org
biblecor@yahoo.co.in
**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.org
**YOUTUBE CHANNEL**
Echo of His Call

ഹിന്ദി സംസാരിക്കുന്ന കുടിയേറ്റ തൊഴിലാളികൾക്കായി ഞങ്ങളുടെ സഭയിൽ അധികമായി ഒരു ഹിന്ദി ആരാധന കൂടി ആരംഭിച്ചിട്ടുണ്ട്. എല്ലാ ബുധനാഴ്ചയും വൈകുന്നേരം 7.00 മണിക്ക് ഈ ആരാധനകൾ നടത്തപ്പെടുന്നു. അർത്ഥവത്തായതും അത്യാവശ്യവുമായ ഈ ആരാധനയ്ക്കായി നിങ്ങളുടെ പ്രാർത്ഥനകൾ ഞങ്ങൾ ആത്മാർത്ഥമായി ആവശ്യപ്പെടുന്നു.

വിവിധ ബുദ്ധിമുട്ടുകളും വെല്ലുവിളികളും ഉണ്ടായിട്ടും ഉത്സാഹത്തോടെ സേവനം ചെയ്യുന്ന ഞങ്ങളുടെ ജീവനക്കാരെയും ശുശ്രൂഷകളെയും നിങ്ങളുടെ പ്രാർത്ഥനകളിൽ ഓർക്കുവിൻ.

നിങ്ങളുടെ വിലയേറിയ പ്രാർത്ഥനകളിലൂടെയും ഉദാരമായ പിന്തുണകളിലൂടെയും ഞങ്ങളുടെ ശുശ്രൂഷകളെല്ലാം ഭംഗിയായി മുമുന്നോട്ടു പോകുന്നു.

ദൈവത്തിന്റെ സമൃദ്ധമായകൃപ നിങ്ങളെല്ലാവരോടുമൊപ്പമുണ്ടായിരിക്കട്ടെ, ആമേൻ!

*ക്രിസ്തുയേശുവിൽ നിങ്ങളുടെ സേവകൻ*
*പാസ്റ്റർ. എസ്. സാം സെൽവരാജ്*
ഇമെയിൽ : sam@echoofhiscall.org

1-ാം പേജിന്റെ തുടർച്ച...

## നന്നായി ആരംഭിച്ചിട്ടും നന്നായി പൂർത്തിയാക്കാൻ കഴിയാത്ത ഒരു രാജാവ്!

ഈ സത്യം, തന്റെ യാത്ര ശക്തമായി ആരംഭിച്ചിട്ട് ദാരുണമായ അന്ത്യം വരിക്കേണ്ടിവന്ന അമസ്യാ രാജാവിനെ ഓർമ്മിപ്പിക്കുന്നു. ഈ ദാരുണമായ അന്ത്യത്തിന്റെ കാരണമെന്തെന്ന് തിരുവചനം വ്യക്തമാക്കുന്നു.

**അവൻ യഹോവയ്ക്കു പ്രസാദമായതു ചെയ്തു; ഏകാഗ്രഹൃദയത്തോടെ അല്ലതാനും.** – 2 രാജാക്കന്മാർ 25:2

## അമസ്യാവ് ആരായിരുന്നു?

- 7-ാമത്തെ വയസ്സിൽ രാജാവായ അമസ്യാവ് യോവാശ് രാജാവിന്റെ മകനായിരുന്നു.
- അവൻ യഹൂദയിലെ ഒൻപതാമത്തെ രാജാവായിരുന്നു.
- അദ്ദേഹത്തിന്റെ ചരിത്രം 2 രാജാക്കന്മാർ 14 ലും 2 ദിനവൃത്താന്തം 25 ലും രേഖപ്പെടുത്തിയിട്ടുണ്ട്.



*യഹൂദ്യയുടെ 9-മത്തെ രാജാവ്*

വേദപുസ്തകം ആഴത്തിൽ ബന്ധമുള്ള ശ്രദ്ധേയമായ ഒരു കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു.

**അവൻ യഹോവയ്ക്കു പ്രസാദമായതു ചെയ്തു... ഏകാഗ്രഹൃദയത്തോടെ അല്ലതാനും.**

- വിശ്വസ്തമല്ലാത്ത ഒരു ഹൃദയത്തോടെ ദൈവത്തെ സേവിക്കുക എന്നു പറയുന്നതിന്റെ അർത്ഥമെന്താണ്?
- ദൈവമുമ്പാകെ ശരിയായത് ചെയ്തിട്ടും പൂർണ്ണമായും കീഴടങ്ങാതെയിരിക്കാൻ എങ്ങനെ കഴിയും?
- നമ്മുടെ ഹൃദയങ്ങൾ വിഭജിക്കപ്പെട്ടിരിക്കുകയാണെങ്കിൽ നമുക്ക് ദൈവത്തെ ബാഹ്യമായി സേവിക്കാൻ കഴിയുമോ?

തിരുവെഴുത്തിലെ ഏറ്റവും ദാരുണമായ രാജാക്കന്മാരിൽ ഒരാളാണ് അമസ്യാവ്. അവൻ ദുഷ്ടനായതുകൊണ്ടല്ല, മറിച്ച് അവൻ ഏകദേശം നല്ലവനായതുകൊണ്ടും, ഭാഗികമായി അനുസരണമുള്ളതുകൊണ്ടും അർദ്ധമനസ്സുള്ളവനും ആയതുകൊണ്ടാണ്.

- അവൻ അനുസരിച്ചു
- അവൻ നന്മ ചെയ്തു
- അവൻ ദൈവീക കല്പനകൾ പാലിച്ചു.

എന്നിട്ടും അവന്റെ ഹൃദയത്തിന് പൂർണ്ണ സമർപ്പണമില്ലായിരുന്നു.

ഇത് അമസ്യാവിന്റെ മാത്രം കഥയല്ല- ഇന്നത്തെ നിരവധി വിശ്വാസികളുടെ കഥയാണ്. നാം ദൈവത്തെ സ്നേഹിക്കുകയും പിന്തുടരുകയും ചെയ്തിട്ടുണ്ടെങ്കിലും ചില മേഖലകളിൽ അവനിൽനിന്നും അകന്നു നിന്നിട്ടുണ്ടാകാം.

നാം ഇതൊക്കെ ചെയ്യുന്നുണ്ടാകാം:

- പള്ളിയിൽ പോകുക
- വിശ്വസ്തതയോടെ സേവിക്കുക
- ദാനധർമ്മങ്ങൾ നൽകുക
- ആവശ്യക്കാരെ സഹായിക്കുക
- പല മേഖലകളിലും അനുസരിക്കുക

എന്നാലും നിർണായകമായ ചോദ്യം അവശേഷിക്കുന്നു:

ദൈവമുമ്പാകെ നമ്മുടെ ഹൃദയം എവിടെയാണ്?

“ഭാഗികമായ അനുസരണം പൂർണ്ണമായ അനുസരണക്കേടാണ്” എന്ന് എന്റെ പിതാവ് എപ്പോഴും പറയുമായിരുന്നു.

2026 നല്ല രീതിയിൽ പൂർത്തിയാക്കണമെങ്കിൽ വർഷത്തിന്റെ തുടക്കത്തിൽ ചോദിക്കേണ്ട ചോദ്യം ഇതാണ്:


## വളരെ അടിയന്തരമായ അറിയിപ്പ്!




**വിളി**യുടെ പ്രതിധ്വനി തപാലിലൂടെ അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് സമീപഭാവിയിൽ തടസ്സങ്ങൾ നേരിടാൻ സാദ്ധ്യതയുള്ളതിനാൽ **വിളിയുടെ പ്രതിധ്വനി** മാസിക തുടർന്നും ലഭിക്കണമെന്ന് താല്പര്യമുള്ളവർ നിങ്ങളുടെ പേര്, വിലാസം, ഇ-മെയിൽ, വാട്ട്സ്ആപ് നമ്പർ മുതലായവ ഞങ്ങളെ കത്ത്, ഇ-മെയിൽ, ഫോൺ, SMS, വാട്ട്സ്ആപ് എന്നിവയിലൂടെ എത്രയും വേഗം ഞങ്ങളെ അറിയിക്കുവിൻ.

നിങ്ങളുടെ പിന്താങ്ങൽ നിങ്ങളെ കൂടുതലായി സേവിക്കുവാൻ ഞങ്ങളെ സഹായിക്കുന്നു.

**ഞങ്ങളുടെ വിലാസം:**

**വിളിയുടെ പ്രതിധ്വനി,**
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ 600 005, ഇന്ത്യ
ഫോൺ: (+91) 98412 71858 ഇ-മെയിൽ: sam@echoofhiscall.org

ഞാൻ ശരിയായത് ചെയ്യുന്നത് "പൂർണ്ണ ഹൃദയത്തോടെയാണോ അല്ലാതെയാണോ?"

## അമസ്യാവിന്റെ ജീവിതത്തിൽ നിന്നുള്ള പാഠങ്ങൾ!

യഹൂദ്യയിലെയും യിസ്രായേലിലെയും രാജാക്കന്മാരുടെ ജീവിതത്തെക്കുറിച്ച് ധ്യാനിക്കുന്നത് എനിക്കു വളരെ ഇഷ്ടമാണ്.







*നന്നായി ആരംഭിച്ചിട്ടും നന്നായി പൂർത്തിയാക്കാൻ കഴിയാത്ത ഒരു രാജാവ്!*

അവരുടെ കഥകൾ നമ്മുടെ ജീവിതത്തിന്റെ ശക്തമായ പാഠങ്ങളും പ്രതിബിംബങ്ങളുമാണ്. അമസ്യാവ് നന്നായി ആരംഭിച്ചെങ്കിലും പിന്നീട് സംഭവിച്ച തെറ്റുകൾ കാരണം ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് കാരണമായി.

## 1. പ്രതിബദ്ധത!

### അമസ്യാവ് നന്നായി തുടങ്ങി!

*(2 ദിനവൃത്താന്തം 25:1-10)*

**അവൻ യഹോവെക്കു പ്രസാദമായുള്ളതു ചെയ്തു. തന്റെ പിതാവായ ദാവീദ് എന്നപോലെ അല്ലതാനും; തന്റെ പിതാവായ യോവാശ് ചെയ്തതുപോലെ ഒക്കെയും അവൻ ചെയ്തു** - (2 രാജാക്കന്മാർ 14:3)



*അമസ്യാവ ദാവീദിനെപ്പോലെ ചെയ്യാതെ അവന്റെ പിതാവായ യോവാശിന്റെ മാതൃക പിന്തുടർന്നു.*

അമസ്യാവിന്റെ തുടക്കം ശക്തമായിരുന്നു, പല മേഖലകളിലും അനുസരണം പ്രകടമാക്കുകയും ചെയ്തു.

### (എ) ദൈവവചനത്തോടും നിയമത്തോടുമുള്ള അനുസരണം!

അമസ്യാവ് ഭരണത്തിൽ വന്നപ്പോൾ തന്റെ പിതാവിനെ കൊന്നവരുടെമേൽ നീതി നടപ്പാക്കി. എന്നിരുന്നാലും ദൈവവചനത്തോടുള്ള അനുസരണം കാരണം അവരുടെ മക്കളെ അവൻ കൊന്നില്ല.

**മക്കൾക്കു പകരം അപ്പന്മാരും അപ്പന്മാർക്കു പകരം മക്കളും മരണശിക്ഷ അനുഭവിക്കരുതു.** (ആവർത്തനം 24:16).

**ഇതിന്നു ധൈര്യം വേണമായിരുന്നു. പ്രതികാരം ചെയ്യുമെന്നു ഭയക്കാതെ അദ്ദേഹം അനുസരിച്ചു** (2 രാജാക്കന്മാർ 14:6). എല്ലാ അവകാശികളെയും കൊന്ന **അഥല്യാ രാജ്ഞിയിൽനിന്നും** (2 രാജാക്കന്മാർ 11:1) വ്യത്യസ്ഥമായി അമസ്യാവ് ദൈവീക നിയമത്തെ മാനിച്ചു.

അവൻ നന്നായി തുടങ്ങി.

### (ബി) വ്യക്തിപരമായ നഷ്ടത്തിന്റെ മദ്ധ്യേയുള്ള അനുസരണം!

അമസ്യാവ് 10000 ഭടന്മാരെ യിസ്രായേലിൽനിന്നും വാടകയ്ക്ക് എടുത്തു, ഭാരമേറിയ ചെലവാണത്. അവരെ ഉപയോഗിക്കരുതെന്ന് പ്രവാചകൻ പറഞ്ഞപ്പോൾ രാജാവ് ഒരു മറുചോദ്യം ചോദിച്ചു.



*ഞാൻ കൊടുത്ത നൂറു താലന്തിനു എന്തു ചെയ്യേണം?*

**അപ്പോൾ ഞാൻ യിസ്രായേൽ പടക്കൂട്ടത്തിന്നു കൊടുത്ത നൂറു താലന്തിനു എന്തു ചെയ്യേണ്ടു?**

**അതിന്നു ദൈവപുരുഷൻ:**

**അതിനെക്കാൾ അധികം നിനക്കു തരുവാൻ യഹോവെക്കു കഴിയും എന്നുത്തരം** പറഞ്ഞു (2 ദിനവൃത്താന്തം 25:9).

അവൻ അനുസരിച്ചു. അത് വലിയ നഷ്ടമുണ്ടാക്കിയെങ്കിലും അവൻ പടയാളികളെ മടക്കിയയച്ചു, ദൈവത്തിൽ വിശ്വസിച്ചു.

അനുസരണം ചെലവുള്ളതാണ് - എന്നാൽ അനുസരണക്കേട് അതിലേറെ ചെലവുള്ളതാണ്.

ഈ ഘട്ടത്തിൽ, അമസ്യാവ് ദൈവഭക്തനായ ഒരു രാജാവായി കാണപ്പെട്ടു, ദൈവം അവനെ ബഹുമാനിച്ചു.

6-ാം പേജിൽ തുടരും...

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1983

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)



## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

### സ്തോത്രത്തിനായുള്ള വിഷയങ്ങൾ

**ഫെബ്രുവരി 19** ⇨ **വിളിയുടെ പ്രതിധ്വനിയുടെ** യുട്യൂബ് ചാനലിന്റെ തടസ്സമില്ലാത്ത സംപ്രേഷണത്തിൽ ഞങ്ങളെ സഹായിക്കുന്ന അത്ഭുതകരമായ മീഡിയ ടീം.

**ഫെബ്രുവരി 20** ⇨ നമ്മുടെ പങ്കാളികൾ ധാർമ്മികവും സാമ്പത്തികവുമായി പിന്തുണച്ച് അനുഗ്രഹിക്കുന്നു.

**ഫെബ്രുവരി 21** ⇨ 2026 ലെ കലണ്ടറും പ്രോമിസ് കാർഡും അച്ചടിച്ച് ഡെസ്പാച്ച് ചെയ്യുവാൻ കൃപ നൽകിയതിനായി.

**ഫെബ്രുവരി 22** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജുകൾ** എന്നിവിടങ്ങളിലെ ക്രിസ്തുമസ്സ് പുതുവത്സര പരിപാടികൾ അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 23** ⇨ സഭാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കിയതിനായി.

**ഫെബ്രുവരി 24** ⇨ ഞങ്ങളുടെ മാദ്ധ്യമ ശുശ്രൂഷയെയും **വിളിയുടെ പ്രതിധ്വനി യുട്യൂബ് ചാനലിനെയും** സുവിശേഷം എത്തിച്ചേരാത്ത ഇടങ്ങളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

**ഫെബ്രുവരി 25** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരെയും കുടുംബാംഗങ്ങളെയും അനുഗ്രഹിച്ചതിനായി.

**ഫെബ്രുവരി 26** ⇨ ഞങ്ങളുടെ സഭാശുശ്രൂഷയെ കൂടുതൽ സംഘടിതമായി പ്രവർത്തിക്കാൻ സഹായിച്ചതിനായി.

**ഫെബ്രുവരി 27** ⇨ സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും എല്ലാ ദുഷ്ടശക്തികളിൽ നിന്നും വിടുവിച്ചുകൊണ്ടിരിക്കുന്നതിനായി.

**ഫെബ്രുവരി 28** ⇨ **വിളിയുടെ** പ്രതിനിധിയുടെ ജീവനക്കാരെയും കുടുംബങ്ങളെയും നല്ല ആരോഗ്യവും ദൈവീക സംരക്ഷണവും നൽകി അനുഗ്രഹിച്ചു പരിപാലിച്ചുകൊണ്ടിരിക്കുന്നതിനായി.

**മാർച്ച് 01** ⇨ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെയും ദൈവശാസ്ത്ര കറസ്പോണ്ടൻസ് കോഴ്സിന്റെയും വളർച്ചക്കായി.

**മാർച്ച് 02** ⇨ മുഖ്യസഭയിലും ശാഖാസഭകളിലും ഞായർ ആരാധനകളിൽ വചനത്തിന്റെ ശക്തി പ്രകടമാകുന്നതിനായി.

**മാർച്ച് 03** ⇨ മാസിക 16 ഭാഷകളിൽ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിക്കാനും പ്രസിദ്ധീകരിക്കാനും മിഷൻ ഫീൽഡുകളിലേക്ക് അയക്കാനും ഞങ്ങളെ പ്രാപ്തരാക്കിയതിനായി.

**മാർച്ച് 04** ⇨ സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, മറ്റു ജീവനക്കാർ എന്നിവരെ അനുഗ്രഹിച്ചതിനായി.

### പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

**മാർച്ച് 05** ⇨ ദൈവവചനം മായം ചേർക്കാതെ പ്രാസംഗികർ പ്രസംഗിക്കുവാനായി.

**മാർച്ച് 06** ⇨ 2026-27 അദ്ധ്യയന വർഷത്തിൽ റെസിഡെൻഷ്യൽ, ഈവനിംഗ് **നെഹെമ്യ ബൈബിൾ കോളേജുകളിൽ** യോഗ്യരായ വിദ്യാർത്ഥികൾ ലഭിക്കുവാനായി.

**മാർച്ച് 07** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലേക്ക്** 2026-27 അദ്ധ്യയന വർഷത്തിലേക്കുള്ള പുതിയ വിദ്യാർത്ഥികളുടെ പ്രവേശനത്തിനായി.

**മാർച്ച് 08** ⇨ എല്ലാ രാഷ്ട്രങ്ങളിലെയും യുവാക്കളും കുട്ടികളും യേശുക്രിസ്തുവിനെ സ്വന്തം രക്ഷിതാവായി സ്വീകരിക്കുവാനും അംഗീകരിക്കുവാനും.

**മാർച്ച് 09** ⇨ അസ്സോസിയേറ്റ് എഡിറ്റർമാർക്കും കുടുംബങ്ങൾക്കുമായി.

**മാർച്ച് 10** ⇨ വൃദ്ധസദനങ്ങളിലുള്ള പ്രായമായവരുടെ ആരോഗ്യത്തിനും സമാധാനത്തിനുമായി.

**മാർച്ച് 11** ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂളിലെ** 10-ാം ക്ലാസ് വിദ്യാർത്ഥികളുടെ അവസാന പരീക്ഷയിൽ മികച്ച വിജയം നേടുവാനായി.

**മാർച്ച് 12** ⇨ യുട്യൂബ് സംപ്രേഷണം സുവിശേഷം എത്തിച്ചേരാത്ത ആളുകളിലേക്ക് എത്തിച്ചേരുവാൻ.

**മാർച്ച് 13** ⇨ നെഹെമ്യ ബൈബിൾ കോളേജിലെ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങുകൾ വിജയകരമായി പൂർത്തിയാക്കുവാൻ.

**മാർച്ച് 14** ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസ പങ്കാളികൾ, ജീവിത പങ്കാളികൾ, പരമനിയോഗ ദൗത്യ പങ്കാളികൾ എന്നിവരും കുടുംബാംഗങ്ങളും അനുഗ്രഹിക്കപ്പെടുവാനായി.

**മാർച്ച് 16** ⇨ ലോകമെമ്പാടുമുള്ള മിഷണറി പ്രവർത്തകരുടെ ദിവ്യസംരക്ഷണത്തിനായി.

**മാർച്ച് 17** ⇨ എല്ലാ രാജ്യങ്ങളുടെയും അനുഗ്രഹത്തിനായും അവയുടെ സാമ്പത്തിക വികസനത്തിനായുമുള്ള ദൈവീക അനുഗ്രഹത്തിനായി.

**മാർച്ച് 18** ⇨ സീനിയർ പാസ്റ്റർ സാം സെൽവരാജും കുടുംബവും എല്ലാ ദുഷ്ടശക്തികളിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ.

4-ാം പേജിന്റെ തുടർച്ച...



*അമസ്യാവ് പടക്കൂട്ടത്തെ വീട്ടിലേക്ക് പറഞ്ഞയച്ചു. പക്ഷെ, വചനം മുന്നറിയിപ്പ് നൽകുന്നത്:*

## (സി) പൂർണ്ണമായ കീഴടങ്ങൽ ഇല്ലാത്ത പ്രതിബദ്ധത!

അമസ്യാവ് ദുഷ്ടനോ മത്സരിയോ ആയിരുന്നില്ല. ദൈവത്തെ പൂർണ്ണഹൃദയത്തോ



*'ഷാലൊ' എന്നാൽ പൂർണ്ണമായി കീഴടങ്ങുക എന്നർത്ഥം.*

ടെ സേവിച്ച ദാവീദിൽനിന്നും വ്യത്യസ്തനായ അവന്റെ പിതാവായ യോവാശിനെ പിന്തുടർന്നു.

അവൻ നന്നായി തുടങ്ങി. പക്ഷെ ദൈവം അന്വേഷിക്കുന്നത് നല്ല തുടക്കക്കാരെയല്ല, നന്നായി അവസാനിപ്പിക്കുന്നവരെയാണ്. അമസ്യാവ് ശരി ചെയ്തു എങ്കിലും വിശ്വസ്ത ഹൃദയത്തോടെയല്ലായിരുന്നു.

"ശാലോം" എന്ന എബ്രായ പദത്തിന്റെ അർത്ഥം സമ്പൂർണ്ണമായ, പൂർണ്ണമായ, വിഭജിക്കാനാകാത്ത, പൂർണ്ണമായ കീഴടങ്ങിയ എന്നൊക്കെയാണ്.


അമസ്യാവിന്റെ പ്രശ്നം ഭാഗികമായ അനുസരണമായിരുന്നു. അവൻ ബാഹ്യമായി ദൈവത്തെ പിന്തുടർന്നു, പക്ഷെ അവന്റെ ഹൃദയത്തിന്റെ പല ഭാഗങ്ങളും ദൈവീക സ്പർശമില്ലാതെ സൂക്ഷിച്ചു.

പ്രിയ സഹോദരീ സഹോദരന്മാരേ,

- ദശാംശം നൽകുക
- വിശ്വസ്തതയോടെ സേവിക്കുക
- ധാർമ്മികമായി ജീവിക്കുക

എന്നിവ ചെയ്യുന്നുവെങ്കിലും അഹങ്കാരം, ക്ഷമയില്ലായ്മ, കാമം, പരദൂഷണം, മറഞ്ഞിരിക്കുന്ന പാപങ്ങൾ, സ്വയം ഭരണം എന്നിവയിൽ ഉറച്ചുനിൽക്കുന്നു.

ആന്തരിക കീഴടങ്ങൽ കൂടാതെ ബാഹ്യമായ അനുസരണം ആത്മീയ ശൂന്യതയിലേ



*ആഴത്തിൽ വേരൂന്നി മുകളിൽ ഫലം കായ്ക്കണം*

## 2. ഒത്തുതീർപ്പ്!

### അവൻ അനുവദിച്ചത് ഒടുവിൽ അവനെ നശിപ്പിച്ചു

*(2 ദിനവൃത്താന്തം 25:11-16)*

ക്കു നയിക്കുന്നു. ആഴത്തിൽ വേരൂന്നി മുകളിൽ കായ്ഫലമുള്ളവരായിരിക്കണം.

**എങ്കിലും പൂജാഗിരികൾക്കു നീക്കം വന്നില്ല...** (2 രാജാക്കന്മാർ 14:4).

നശിപ്പിച്ചു കളയേണ്ടതിനെ അമസ്യാവ് നിലനിറുത്തി.

വിട്ടുവീഴ്ച എപ്പോഴും ചെറുതായി ആരംഭിക്കുന്നു - എന്നാൽ ഇന്നു നാം സഹിക്കുന്നത് നാളെ നമ്മെ സ്വാധീനിക്കും.

## (എ) വിജയത്തിനു ശേഷം അഹങ്കാരം!



*അമസ്യാവ് ബിംബങ്ങളെ മടക്കിക്കൊണ്ടുവന്ന് ആരാധിച്ചു*

8-ാം പേജിൽ തുടരും...


**നെഹെമ്യ ബൈബിൾ കോളേജുകൾ**

ചെപ്പോക്ക് & സന്തോഷപുരം, വേളാച്ചേരി ചെന്നൈ.

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

1969 TO 2029 ECHO OF HIS CALL

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

*ദൈവശാസ്ത്രത്തിൽ ഡിപ്ലോമ & ദൈവശാസ്ത്രത്തിൽ ബിരുദം*

ഭാഷ : തമിഴ് (Part time)

ഹിന്ദി (Residential) (Sponsorship available)

കഴിഞ്ഞ 56 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്

ബന്ധപ്പെടുവിൻ : ദി ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്
10, മുഹമ്മദ് അബ്ദുള്ള 2-ാം തെരുവ്, ചെപ്പോക്ക്, ചെന്നൈ-600 005, ഇന്ത്യ
ഫോൺ : (91-44) 2852 8282, മൊബൈൽ : (+91) 98410 71852/95661 31858
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

## മുഖ്യസഭയിലെ പരിപാടികൾ

01. പ്രാർത്ഥന സഹായം - 24 മണിക്കൂർ
02. വിളിയുടെ പ്രതിധ്വനി മാസികകൾ തമിഴ്, ഇംഗ്ലീഷ്, മലയാളം, തെലുങ്ക്, ഹിന്ദി, കന്നട, മറാത്തി, ബംഗാളി, ആസാമീസ്, ഗുജറാത്തി, ഉറുദു, പഞ്ചാബി, നേപ്പാളി, ഒറിയ, സിംഹളം, ആഫ്രിക്കൻ
03. ബൈബിൾകോർ - പ്രാഥമിക ബൈബിൾ കോഴ്സുകൾ (തമിഴ്, ഇംഗ്ലീഷ്, ഹിന്ദി)
04. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സുകൾ - ഇംഗ്ലീഷ്, തമിഴ്
05. നെഹെമ്യ ബൈബിൾ കോളേജ് - ചെപ്പോക്ക്, സന്തോഷപുരം, വേളാച്ചേരി
06. ശാഖാ സഭകൾ - സന്തോഷപുരം, ബാലാജി നഗർ, വേളാച്ചേരി
07. പരമനിയോഗ ദൗത്യ പങ്കാളികൾ - പാസ്റ്റർമാരുടെ ചങ്ങല
08. ട്രെയിനിംഗ് പരിപാടികൾ - സെമിനാറുകൾ, റിട്രീറ്റുകൾ
09. ക്രൂസേഡുകൾ
10. ലഘുലേഖ വിതരണം, തുടർ നടപടികൾ
11. സുവിശേഷ അച്ചടിശാല - പ്രസിദ്ധീകരണങ്ങൾ
12. സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ - ഗ്രാമീണ ഇംഗ്ലീഷ് വിദ്യാലയം
13. സണ്ടേസ്കൂൾ (ചെപ്പോക്ക്) - ഞായർ രാവിലെ 10.30 മണി
(വേളാച്ചേരി, ബാലാജി നഗർ, സന്തോഷപുരം) - ഞായർ വൈകുന്നേരം 3.00 മണി
14. അതിരാവിലെ ആരാധന - ഞായർ രാവിലെ 5.30 മണി
15. പ്രാഥമിക ആരാധന - ഞായർ രാവിലെ 8.00 മണി
16. തമിഴ് ആരാധന - ഞായർ രാവിലെ 8.30 മണി
17. യുവജന കൂട്ടായ്മ - ഞായർ രാവിലെ 11.00 മണി
18. ഉച്ചഭക്ഷണ കൂട്ടായ്മ - ഞായർ ഉച്ചയ്ക്ക് 1.00 മണി
19. തെലുങ്ക് ആരാധന - ഞായർ വൈകുന്നേരം 4.00 മണി
20. ഹിന്ദി ആരാധന - ഞായർ വൈകുന്നേരം 5.00 മണി
21. തമിഴ് & ഇംഗ്ലീഷ് ആരാധന - ഞായർ വൈകുന്നേരം 6.00 മണി
22. പ്രതികരണ സമയം - ഞായർ വൈകുന്നേരം 7.30 മണി
23. സ്ത്രീകളുടെ പ്രാർത്ഥനായോഗം - ബുധൻ വൈകുന്നേരം 5.30 മണി
24. ഹിന്ദി പ്രാർത്ഥന - വ്യാഴം വൈകുന്നേരം 7.00 മണി
25. പുരുഷന്മാരുടെ യോഗം - വെള്ളി വൈകുന്നേരം 7.30 മണി
26. ശിഷ്യത്വ യോഗം - ശനി വൈകുന്നേരം 6.00 മണി
27. ഭവന കൂട്ടായ്മ - ചൊവ്വ, വ്യാഴം വൈകുന്നേരം 6.30 മണി
28. പ്രത്യേക കർത്തൃമേശ - എല്ലാ മാസവും ആദ്യ ദിവസം രാവിലെ 6.00 മണി
29. സുവിശേഷകരുടെ അവലോകനം - ആദ്യ ശനി വൈകുന്നേരം 5.30 മണി
30. രക്ഷിതാക്കളുടെ പ്രാർത്ഥന - ആദ്യ ഞായർ വൈകുന്നേരം 4.00 മണി
31. രാത്രി പ്രാർത്ഥന - മൂന്നാം വെള്ളി രാത്രി 9.30 മണി
32. ഉപവാസ പ്രാർത്ഥന - രണ്ടാം ശനി രാവിലെ 9.30 മണി
33. കർത്തൃമേശ - രണ്ടാം ഞായർ ആരാധനയോടൊപ്പം
34. യുവാക്കൾക്കും കുട്ടികൾക്കുമുള്ള പ്രാർത്ഥന - ദിവസവും രാത്രി 10.00 മണി (ഫോണിലൂടെ)
35. സ്റ്റാഫുകളുടെ ധ്യാനം - ദിവസവും രാവിലെ 9.00 മണി
36. ഓഫീസ് - രാവിലെ 9.00 മുതൽ രാത്രി 9.00 വരെ (ഞായർ ഒഴികെ)

## വിളിയുടെ പ്രതിധ്വനി തപാൽ കോഴ്സുകൾ

### 1. ബൈബിൾകോർ

വേദപുസ്തകത്തിലെ പ്രാഥമിക സത്യങ്ങൾ ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കുമായി തപാൽ കോഴ്സുകൾ ഇംഗ്ലീഷ് (57 പേജുകൾ), ഹിന്ദി (76പേജുകൾ), തമിഴ് (96 പേജുകൾ) എന്നീ ഭാഷകളിൽ ഞങ്ങൾ ചെയ്യുന്നു. പുതിയ ജീവിതം-നിങ്ങൾക്ക് എന്ന കോഴ്സ് ബുക്ക് ലഭിക്കുന്നതാണ്. കോഴ്സ് പൂർത്തിയാക്കുമ്പോൾ സർട്ടിഫിക്കേറ്റ് ലഭിക്കുന്നു. നിർബന്ധ ഫീസ് ഇല്ല. നിങ്ങൾ അനുഗ്രഹിക്കപ്പെടും.

### 2. തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ്

തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സ് എന്ന പേരിലുള്ള ആധുനിക വിദൂര വിദ്യാഭ്യാസം ഇംഗ്ലീഷ് (537 പേജുകൾ), തമിഴ് (662 പേജുകൾ) എന്നീ ഭാഷകളിൽ സുവിശേഷ പ്രവർത്തനത്തിന് താല്പര്യമുള്ള പാസ്റ്റർമാർ, സുവിശേഷകർ, ക്രിസ്തീയ നേതാക്കൾ, സാധാരണ ജനങ്ങൾ എന്നിവർക്ക് ലഭ്യമാണ്. ഫീസ് 1000/-രൂപ. 149 അദ്ധ്യായങ്ങളുള്ള 7 ബുക്കുകൾ തരുന്നതാണ്. സർട്ടിഫിക്കേറ്റ് ഇൻ മിനിസ്ട്രി ലഭിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

*കൂടുതൽ വിവരങ്ങൾക്ക് എഴുതുവിൻ.*

ചെയർമാൻ, നെഹെമ്യ ബൈബിൾ കോളേജ്,
വിളിയുടെ പ്രതിധ്വനി, പോസ്റ്റ് ബോക്സ് 2967,
ചെപ്പോക്ക്, ചെന്നൈ - 600 005.
ഫോൺ: (044) 28528282, 28529293, 28547766,
മൊബൈൽ: 9841071852, 9566131858
E.mail : biblecor@yahoo.co.in

## വിളിയുടെ പ്രതിധ്വനി

**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

## നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" **ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.**

| | | |
|---|---|---|
| **Account Name** | : | **ECHO OF HIS CALL EDUCATIONAL TRUST** |
| **Account Number** | : | **1023 2923 805** |
| **Bank Name** | : | **STATE BANK OF INDIA** |
| **Branch** | : | **TRIPLICANE, CHENNAI - 600 005** |
| **IFSC Code** | : | **SBIN 0000249** |
| **SWIFT Code** | : | **SBI NIN BB 455** |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

„വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## എന്റെ താഴ്ന്ന അവസ്ഥ പരിഗണിച്ച കർത്താവ്!

എന്റെ ശുശ്രൂഷയുടെ പ്രാരംഭ നാളുകളിൽ, ഒരു വിദേശ രാജ്യത്തിൽ, എന്റെ ഒരു സുഹൃത്തിന്റെ കുടുംബവുമായി ചില ദിവസങ്ങൾ താമസിക്കുകയുണ്ടായി.

ഒരു വൈകുന്നേരം എന്റെ ആതിഥേയനായ സുഹൃത്ത് മുറിയിൽ കടന്നു വന്ന്, "ഒരു പ്രത്യേക ആവശ്യത്തിനായി നീ ഈ ദിവസങ്ങളിൽ പ്രാർത്ഥിക്കുന്നു എന്ന് എനിക്ക് അറിയാം, അത് എന്താണെന്ന് പറയാമോ?" എന്ന് ചോദിച്ചു. അതിനെക്കുറിച്ച് എന്നോടു വിശദീകരിക്കാമോ?

"ഞങ്ങളുടെ **വിളി**യുടെ **പ്രതിധ്വനി** മാസിക പല പ്രസ്സുകളിലായാണ് അച്ചടിക്കുന്നത്. അതിനാൽ കൃത്യസമയത്ത് അതിന്റെ അച്ചടി ജോലികൾ തീർത്ത് പ്രസിദ്ധീകരിക്കുവാൻ കഴിയുന്നില്ല. അതിനാൽ ഒരു ഓഫ്സെറ്റ് പ്രസ്സിനായി ഭാരത്തോടെ പ്രാർത്ഥിക്കുകയാണ്" എന്നു ഞാൻ മറുപടി പറഞ്ഞു. ഈ ആവശ്യത്തിനായി അദ്ദേഹവും പ്രാർത്ഥിക്കാം എന്നു സുഹൃത്ത് പറഞ്ഞു.

അടുത്ത ദിവസം ഞാൻ ശുശ്രൂഷക്കായി പോകാൻ തുടങ്ങുമ്പോൾ സുഹൃത്തും ഭാര്യയും അടുക്കൽ വന്ന് ബാങ്കിൽ ലോണിനായി സമർപ്പിച്ച പേപ്പറുകളും മറ്റുമൊക്കെ എന്നെ കാണിച്ചു. അവരുടെ വീട് പണയപ്പെടുത്തി ബാങ്കിൽനിന്നും വായ്പ സംഘടിപ്പിച്ച് **വിളി**യുടെ **പ്രതിധ്വനി** ശുശ്രൂഷയുടെ മാസികകൾ അച്ചടിക്കാൻ കഴിയുന്ന തരത്തിലുള്ള അച്ചടി യന്ത്രം വാങ്ങി നൽകാനാണ് ആഗ്രഹം എന്ന് അവർ പറഞ്ഞു.

### നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന്നു – അവന്റെ ദയ എന്നേക്കുമുള്ളതു സങ്കീർത്തനങ്ങൾ 136:23

ഞാൻ ഞെട്ടിപ്പോയി, ആത്മാവിൽ വളരെയധികം അസ്വസ്ഥനായി. "നിങ്ങൾ ബാങ്കിൽ നിന്നും വായ്പയായി എടുക്കാൻ പോകുന്ന പണം ഞാൻ സ്വീകരിക്കുകയില്ല" എന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞു.

എന്റെ തീരുമാനത്തിൽ ആ കുടുംബം അത്ഭുതപ്പെട്ടു. "ഈ ലോകത്തിൽ ജീവിക്കാൻ അറിയാത്ത ഒരാൾ" ആണ് ഞാൻ എന്ന് അവർ മുദ്രകുത്തി. അവരുടെ വാഗ്ദാനം സ്വീകരിക്കാൻ അവർ എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു. പക്ഷെ, ഞാൻ എന്റെ തീരുമാനത്തിൽ തന്നെ ഉറച്ചുനിന്നു. ഞാൻ എന്റെ പ്രാർത്ഥന തുടർന്നു.

ചില ദിവസങ്ങൾക്കുശേഷം ഞാൻ ഇന്ത്യയിലേക്കു മടങ്ങി. ഇവിടത്തെ എന്റെ പാവപ്പെട്ട സുഹൃത്തുക്കളുടെ ഹൃദയത്തിൽ ദൈവം തോന്നിപ്പിച്ചതുപോലെ അവർ ഇടയ്ക്കിടെ നൽകിയ വഴിപാടുകൾ ഉപയോഗിച്ച് ഒരു നല്ല ഓഫ്സെറ്റ് മെഷീൻ വാങ്ങാൻ സാധിച്ചു.

കർത്താവ് നല്ലവനാണെന്ന് എനിക്കു അനുഭവിക്കുവാനും ആസ്വദിക്കുവാനും കഴിഞ്ഞു (സങ്കീർത്തനം 34:8). സദൃശ്യവാക്യങ്ങൾ 28:20 ൽ പറഞ്ഞിരിക്കുന്നതുപോലെ കർത്താവിന്റെ കൃപ എന്നെ പിന്തുണയ്ക്കുന്നു, **വിശ്വസ്ത പുരുഷൻ അനുഗ്രഹസമ്പൂർണ്ണൻ.**

**വിളി**യുടെ **പ്രതിധ്വനി**യ്ക്ക് സ്ഥിരവും നിശ്ചിതവുമായ വരുമാനം ഇല്ലെങ്കിലും, ദൈവത്തിലുള്ള വിശ്വാസത്തിലൂടെ എല്ലാം നിറവേറ്റി തരുന്നു. എല്ലാ മഹത്വവും സ്തുതിയും ദൈവത്തിന്. ആമേൻ!

*************

6-ാം പേജിന്റെ തുടർച്ച...

**ഏദോമ്യരെ പരാജയപ്പെടുത്തിയതിനു ശേഷം അമസ്യാവ് അവരുടെ ദേവന്മാരെ തിരികെ കൊണ്ടുവന്ന് ആരാധിച്ചു** (2 ദിനവൃത്താന്തം 25:14).

ഇതിനെക്കുറിച്ച് ചിന്തിക്കുക:

ദൈവം അവനു വിജയം നൽകിയപ്പോൾ

- അഹങ്കാരം ഉണ്ടായി
- വിവേകം നശിച്ചു
- വിട്ടുവീഴ്ച ചെയ്തു.

പരാജയപ്പെട്ട ഒരു ജനതയുടെ ദൈവങ്ങളെ അവൻ വണങ്ങി. ഇതാണ് വഞ്ചനാപരമായ പാപം.

### (ബി) തിരുത്തൽ നിരസിക്കുക!

നേരത്തെ അമസ്യാവ് തിരുത്താൻ തയ്യാറായിരുന്നു. ഇപ്പോൾ അഹങ്കാരത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ തിരുത്തൽ നിരസിക്കുന്നു.

...നിന്റെ കയ്യിൽനിന്നു തങ്ങളുടെ സ്വന്ത ജനത്തെ രക്ഷിപ്പാൻ കഴിയാത്ത ജാതികളുടെ ദേവന്മാരെ നീ അന്വേഷിച്ചതു എന്തു...? (2 ദിനവൃത്താന്തം 25:15).

അമസ്യാവ് വർദ്ധിച്ച ധിക്കാരത്തോടെ പ്രതികരിച്ചു:

**നിന്നെ രാജാവിന്റെ മന്ത്രിയാക്കി വെച്ചി**ട്ടുണ്ടോ (2 ദിനവൃത്താന്തം 25:16).

അവന്റെ മനോഭാവത്തിൽ എന്തൊരു വ്യത്യാസം! ദൈവത്തിന്റെ തിരുത്തൽ അനുസരിക്കാതിരിക്കുന്ന നിമിഷം മുതൽ നാശത്തിലേക്കുള്ള അധഃപതനം ആരംഭിക്കുന്നു.

സൗകര്യപ്രദമായിരുന്നപ്പോൾ അവൻ അനുസരിച്ചു, എന്നാൽ അനുസരണം അസ്വസ്ഥമായപ്പോൾ അവൻ നിരസിച്ചു. നമ്മെ ആദ്യം നശിപ്പിക്കുന്നത് പാപമല്ല–ദൈവീക തിരുത്തൽ സ്വീകരിക്കുന്നതിനുള്ള വിസമ്മതമാണ്. ഓരോ ചുവടുവയ്പിലും അവന്റെ ശബ്ദം കേൾക്കാനും അവന്റെ വഴികളിൽ വിശ്വസ്തതയോടെ നടക്കുവാനും ദൈവം

നമ്മെ സഹായിക്കട്ടെ എന്നതാണ് ഈ വർഷത്തെ എന്റെ പ്രാർത്ഥന.

**നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും** (യെശയ്യാവ് 30:21).

എല്ലാറ്റിനുമുപരി, നാം പൂർണ്ണമായി കീഴടങ്ങാൻ പഠിക്കുകയും ആ മാർഗനിർദ്ദേശക ശബ്ദത്തെ അനുസരിക്കുകയും വേണം.

## (സി) വിട്ടുവീഴ്ച അഹങ്കാരത്തിലേക്കും മത്സരത്തിലേക്കും അന്ധതയിലേക്കും നയിച്ചു!

വിട്ടുവീഴ്ച അപകടകരമായ ഒരു തുടർ പ്രതികരണം സൃഷ്ടിക്കുന്നു.

- അഹങ്കാരം
- വിഗ്രഹാരാധന
- ഉപദേശം നിരസിക്കൽ
- സ്വാശ്രയത്വം
- മുന്നറിയിപ്പുകൾ അവഗണിക്കൽ
- വിഡ്ഢിത്തപരമായ തീരുമാനങ്ങൾ

കീഴടങ്ങാത്ത പ്രതിബദ്ധത എല്ലായ്പോഴും വിട്ടുവീഴ്ചയിലേക്കു നയിക്കുന്നു.

## 3. അനന്തരഫലം!

### നിങ്ങൾ സമർപ്പിക്കാത്തത് നിങ്ങളെ നശിപ്പിക്കും

*(2 ദിനവൃത്താന്തം 25:17-28)*

## (എ) യുദ്ധം ദൈവം അധികാരപ്പെടുത്താത്തത്!

തന്റെ വിജയത്തിൽ അഹങ്കരിച്ച അമസ്യാവ് യിസ്രായേൽ രാജാവിനെ യുദ്ധത്തിനു വെല്ലുവിളിച്ചു. ദൈവം അവനോടൊപ്പം ഇല്ലായിരുന്നു.

ദൈവം കൂടെയില്ലാത്ത ആത്മവിശ്വാസം അപകടകരമാണ്. വിജയം ദൈവത്തിന്റെ അംഗീകാരത്തിന്റെ തെളിവാണെന്ന് അവൻ കരുതി. യിസ്രായേൽ രാജാവ് ഒരു ഉപമയിലൂടെ അവന് മുന്നറിയിപ്പു നൽകിയെങ്കിലും അവൻ അത് അവഗണിച്ചു. ഒരു വ്യക്തിയുടെ ഹൃദയം ദൈവത്തിനു കീഴടങ്ങിയില്ലെങ്കിൽ അവൻ ദൈവം അയച്ചവരെ ഉൾപ്പെടെ എല്ലാവരെയും അവഗണിക്കുന്നു.

## (ബി) ബുദ്ധിപരമായ മുന്നറിയിപ്പ് അവഗണിച്ചു!

ശത്രുക്കൾ പോലും അമസ്യാവിന്റെ അഹങ്കാരം തിരിച്ചറിഞ്ഞു.

**വമ്പുപറവാൻ തക്കവണ്ണം നിന്റെ മനസ്സു നിഗളിച്ചിരിക്കുന്നു; വീട്ടിൽ അടങ്ങിപാർത്തുകൊൾക** (2 ദിനവൃത്താന്തം 25:19).

അഹങ്കാരം നമ്മെ സത്യത്തിന്റെ മറയാക്കുമ്പോൾ സാമാന്യബുദ്ധിക്കു ചെവികൊടുക്കുന്നതുപോലും നാം നിർത്തുന്നു. ഈ വിഡ്ഢിത്തത്തിൽനിന്ന് കർത്താവ് നമ്മെ തടയട്ടെ.

## (സി) അമസ്യാവിന്റെ പൂർണ്ണ പതനം!

വിട്ടുവീഴ്ച കാരണം:

അവന്റെ സൈന്യം പരാജയപ്പെട്ടു.



*യെരുശലേമിന്റെ മതിലുകൾ തകർക്കപ്പെട്ടു*

- യെരുശലേമിന്റെ മതിൽ തകർപ്പപ്പെട്ടു
- ദേവാലയം കൊള്ളയടിക്കപ്പെട്ടു
- അവൻ പിടിക്കപ്പെട്ടു
- അവന്റെ ജീവിതം ലജ്ജയിലും ഗൂഢാലോചനയിലും അവസാനിച്ചു.

പ്രതികാരം ചെയ്യാൻ തുടങ്ങിയ മനുഷ്യൻ പൂർണ്ണമായും തകർന്നു.

എന്തുകൊണ്ട്?

അവൻ ചെയ്തത് ശരിയാണെങ്കിലും വിശ്വസ്തമായ ഹൃദയത്തോടെയല്ലായിരുന്നു.

ചെറിയ വിട്ടുവീഴ്ചകൾ കാരണം ക്രമേണ വീണുപോകുന്നു.

പ്രതിബദ്ധത---- വിട്ടുവീഴ്ച---- പരിണിതഫലം.

## ഒരു അന്തിമ ആഹ്വാനം: പൂർണ്ണ കീഴടങ്ങൽ തിരഞ്ഞെടുക്കുക

പ്രിയ സുഹൃത്തുക്കളേ, ദൈവം പൂർണ്ണത ആവശ്യപ്പെടുന്നില്ല, പക്ഷെ, പൂർണ്ണഹൃദയത്തോടെയുള്ള ഭക്തി ആവശ്യപ്പെടുന്നു.

- പ്രതിബദ്ധത നല്ലതാണ്
- ഭാഗികമായ കീഴടങ്ങൽ അപകടകരം
- വിട്ടുവീഴ്ചകൾ വളരും
- അനന്തരഫലങ്ങൾ പിന്തുടരും

സ്നേഹത്തിന്റെയും കരുണയുടെയും കാരണമായി ദൈവം നമ്മെ വിളിക്കുന്നു:

"നിന്നെ രക്ഷിക്കാൻ കഴിയാത്തവയിലോട്ടു തിരിയുന്നതെന്തിന്? മടങ്ങി വരിക. പൂർണ്ണമായും കീഴടങ്ങുക."

നിങ്ങളും ഞാനും പൂർണ്ണമായി കീഴടങ്ങിയ ജീവിതം നയിക്കാൻ യേശു കുരിശിൽ ജീവനെ നൽകി.

"മടങ്ങി വന്ന് പൂർണ്ണമായും കീഴടങ്ങുക."

ദൈവത്തിങ്കലേക്കു മടങ്ങുക - അവൻ തുറന്ന കരങ്ങളോടെ കാത്തിരിക്കുന്നു. അമസ്യാവിനെ തെറ്റിച്ച വഴുക്കലുള്ള പാതയിലൂടെ നടക്കരുത്. ഇതിനുവേണ്ടിയാണ് ക്രിസ്തു ലോകത്തിലേക്കു വന്നതും നിങ്ങളെയും എന്നെയും വീണ്ടെടുക്കാൻ കുരിശിൽ മരിച്ചതും.

നമുക്കു ചിന്തിക്കാം!

- ചില മേഖലയിൽ നാം പ്രതിബദ്ധതയുള്ളവരും മറ്റു മേഖലകളിൽ വിട്ടുവീഴ്ച ചെയ്തവരുമാണോ?
- കയ്പ്, രഹസ്യശീലങ്ങൾ, ആസക്തികൾ എന്നീ 'ഉന്നത സ്ഥാനങ്ങൾ' നാം പൊളിച്ചുകളഞ്ഞിട്ടില്ലേ?
- നമ്മുടെ ഹൃദയത്തിന്റെ ഏതു ഭാഗമാണ് ദൈവത്തോടു പൂർണ്ണമായും വിശ്വസ്തത പുലർത്താത്തത്?

കർത്താവിന്റെ ദൃഷ്ടിയിൽ നല്ലതു മാത്രം ചെയ്തുകൊണ്ട് വിശ്വസ്ത ഹൃദയത്തോടെ 2026 പൂർത്തിയാക്കാൻ നമുക്ക് പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം.

### അറിയിപ്പ്

**(+91) 9841071858, (+91) 9841271858 എന്ന ഞങ്ങളുടെ മുഖ്യ മൊബൈൽ നമ്പറുകൾ നിങ്ങളുടെ മൊബൈൽ ഫോണുകളിൽ സേവ് ചെയ്യുവിൻ.**

**-എഡിറ്റർ**

"Egmore RMS Patrika Channel" RNI.No.55468/94, Postal Regn.No.TN/CH/(C)/199/24-26 WPP.No.TN/PMG(CCR)/WPP-221/24-26

## OUR BANK DETAILS:

### 1. Bank : State Bank of India

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### 2. Bank : ICICI Bank

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### 3. Bank : State Bank of India

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

## OUR QR CODE:

ECHO OF HIS CALL

Scan to pay with any UPI app

Google Pay: 98410 71858
PayPal : SAM SELVA RAJ

*****

E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ** (Sam Selva Raj, sam@echoofhiscall.org), **നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.org

**YOU CAN SEND YOUR DONATION ONLINE ALSO**

**Regd. with the RNI under No. 55468/94**
**Licenced to post without pre-payment**
**Postal Regn. No. TN/CH (C) /199/24-26**
**Licence No. WPP. No. TN/PMG(CCR)/WPP-221/24-26**
**Date of Publication: First week of every month**
**Date of Posting : 3rd & 4th of every month Posted at "Egmore RMS Patrika Channel" on 4th FEBRUARY 2026.**
**If un-delivered please return to:**
**ECHO OF HIS CALL (MALAYALAM)**
**P.O. Box No. 2957, Chepauk, Chennai - 600 005, INDIA.**
**Phone: (+ 91- 44) 2852 8282, 2852 9293, 2854 7766**

*JESUS LOVES YOU!*

To

GOD BLESS YOU!

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers**, New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**